45

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JULY 2023

## ആശയങ്ങളുടെ യുദ്ധഭൂമിയിൽ പോരാട്ടം അവസാനിച്ചു; വിജയിയെ ഉടനറിയാം

### ഡ്രീംവെസ്റ്റർ ഫൈനൽ വിജയിയെ ഉടൻ പ്രഖ്യാപിക്കും

നവസംരംഭകർക്കും ബിസിനസ് താത്പര്യമുള്ളവർക്കും ആശയങ്ങൾ അവതരിപ്പിക്കാനും അവ ബിസിനസ് സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന നൂതനാശയ മത്സരമായ ഡ്രീംവെസ്റ്റർ' ഫൈനൽ റൗണ്ട് മത്സരങ്ങൾ അവസാനിച്ചു. നാല് റൗണ്ടുകളിലായി നടത്തപ്പെട്ട മത്സരത്തിന്റെ ഫൈനൽ 2023 ജൂലൈ 14 ന് എറണാകുളം മറൈൻ ഡ്രൈവിലെ താജ് ഗേറ്റ് വേ ഹോട്ടലിലായിരുന്നു സംഘടിപ്പിച്ചത്. നൂതന സംരംഭകാശയങ്ങളും അവ പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തിയും കൈമുതലായ മികവുറ്റ മത്സരാർത്ഥികളായിരുന്നു ഫൈനലിൽ ഏറ്റുമുട്ടിയത്. അഗ്രി & ഫുഡ് പ്രോസസ്സിംഗ്, ഇലക്ട്രോണിക്സ് & ഐ.ടി, ബിസിനസ് ഇന്നവേഷൻ, ലൈഫ് സയൻസ് & ഹെൽത്ത് കെയർ എന്നീ വിഭാഗങ്ങളിലായി 19 പേരായിരുന്നു ഫൈനൽ റൗണ്ടിലെ മത്സരാർത്ഥികൾ. പ്രഗത്ഭരായ വിധികർത്താക്കൾ തിരഞ്ഞെടുത്ത വിജയികളെ ഉടൻ പ്രഖ്യാപിക്കും.

ഒന്നാം സമ്മാനം നേടുന്നയാൾക്ക് അഞ്ച് ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയുമാണ് സമ്മാനം. 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും 11 മുതൽ 20 വരെ സ്ഥാനക്കാർക്ക് 25,000 രൂപ വീതവും ലഭിക്കും. കൂടാതെ 20 ഫൈനലിസ്റ്റുകൾക്കും സർട്ടിഫിക്കറ്റുകളും മെമന്റോകളും സമ്മാനിക്കും.

## അടിത്തറ പാകി, കരുതൽ ഒരുക്കി; നമ്മുടെ കേരളം




കേരളത്തിലെ വ്യവസായ വാണിജ്യ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തി സംരംഭകർക്ക് ബിസിനസ്സ് അവസരങ്ങൾ കെട്ടിപ്പടുക്കുന്നതിനായി നിരവധി പദ്ധതികളാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നത്. സംരംഭക സൗഹൃദ കേരളത്തിനായി 2023-24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതി.

ഇൻഷുറൻസ് മേഖലയിലെ 4 പൊതുമേഖല സ്ഥാപനങ്ങൾ വഴി ഇൻഷുറൻസ് പരിരക്ഷ സ്വീകരിക്കുന്ന സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% (പരമാവധി 2,500/ രൂപ) സർക്കാർ വഹിക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷുറൻസ് സ്കീം. സംരംഭകവർഷം പദ്ധതിയിലൂടെ 1,39,000 സംരംഭങ്ങൾ ആരംഭിച്ച് ചരിത്രനേട്ടം കൈവരിച്ച ഘട്ടത്തിൽ തന്നെ സംരംഭങ്ങളുടെ അടച്ചുപൂട്ടൽ തടയുന്നതിനുള്ള ക്രമീകരണങ്ങളും ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആശയങ്ങൾ ആവിഷ്ക്കരിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് 2023-24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നത്.

ദേശീയതലത്തിലടക്കം എം.എസ്.എം.ഇ. മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങളിൽ 30 ശതമാനത്തോളം പൂട്ടിപ്പോകുന്ന സാഹചര്യത്തിലാണ് എം.എസ്.എം.ഇ. സംരംഭകർക്ക് ആത്മവിശ്വാസം പകർന്ന് കൊണ്ട് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. അടച്ചുപൂട്ടാതെ സംരംഭങ്ങൾ മുന്നോട്ടു പോകുന്നതിനും കൂടുതൽ മെച്ചപ്പെട്ട സംരംഭക അനുകൂല സാഹചര്യം സൃഷ്ടിച്ചെടുക്കുന്നതിനുമായി മറ്റനവധി പദ്ധതികളും വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്ക്കരിക്കുന്നുണ്ട്.



## മികവോടെ മുന്നോട്ട്; നമ്മുടെ വ്യവസായ സൗഹൃദ കേരളം



### സംരംഭക വർഷം 2.0 പദ്ധതിയിലൂടെ അയ്യായിരത്തിലധികം സംരംഭങ്ങൾ കേരളത്തിലാരംഭിച്ചു

കേരളത്തിന്റെ അഭിമാന പദ്ധതിയായ സംരംഭക വർഷം 2.0 മികവോടെ മുന്നോട്ട്. 2023- 24 സാമ്പത്തിക വർഷത്തിൽ അയ്യായിരത്തിലധികം സംരംഭങ്ങൾ സംരംഭക വർഷം 2.0 പദ്ധതിയിലൂടെ കേരളത്തിലാരംഭിച്ചു. 333 കോടിയിലധികം രൂപയുടെ നിക്ഷേപവും പതിനായിരത്തിലധികം തൊഴിലും സൃഷ്ടിക്കാനും പദ്ധതിക്ക് സാധിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിച്ച സംരംഭക വർഷം പദ്ധതിയിലൂടെ 1,39,000 സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചത്. മൂന്ന് ലക്ഷത്തിലധികം തൊഴിലും 8422 കോടി രൂപയുടെ നിക്ഷേപവും കൊണ്ടുവന്ന പദ്ധതി ദേശീയതലത്തിൽ എം എസ് എം ഇ മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസ് അംഗീകാരവും നേടുകയുണ്ടായി. പദ്ധതി മികച്ച വിജയം നേടിയതിനാൽ സംരംഭകവർഷം തുടരാൻ തീരുമാനിക്കുകയും 2023- 24 വർഷത്തിൽ സംരംഭകവർഷം 2.0 പ്രഖ്യാപിക്കുകയായിരുന്നു. എം എസ് എം ഇ മേഖലയെ കൈപിടിച്ചുയർത്താൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന മികവാർന്ന പദ്ധതികളും സംരംഭക സൗഹൃദ കേരളത്തിലേക്ക് സംരംഭകരേയും നിക്ഷേപകരെയും ആകൃഷ്ടരാക്കിയിരുന്നു. സംരംഭകർക്ക് മികച്ച അടിത്തറയൊരുക്കി കരുതൽ പദ്ധതികളുമായി മികവോടെ മുന്നോട്ട് പോവുകയാണ് കേരളം.

# ഇന്ത്യ ഹൊറേക എക്സ്പോ 2023ൽ തിളങ്ങും സാന്നിധ്യമായി കേരള സംരംഭകർ

ഇന്ത്യ ഹൊറേക എക്സ്പോ 2023 ൽ തിളങ്ങും സാന്നിധ്യമായി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ (എം.എസ്.എം.ഇ.). സിനർജി എക്സ്പോഷേഴ്സ് & ഇവന്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ആണ് ഭക്ഷ്യ സംസ്കരണം, ഹോട്ടൽ, റെസ്റ്റോറന്റ്, ബേക്കറി മേഖലകൾക്കായി മാത്രമായുള്ള എക്സിബിഷൻ സംഘടിപ്പിച്ചത്. 2023 ജൂലൈ 5 മുതൽ 7 വരെ തമിഴ്നാട്, കോയമ്പത്തൂർ, കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സിൽ സംഘടിപ്പിച്ച എക്സ്പോയിൽ കേരളത്തെ പ്രതിനിധീകരിച്ച് 19 സംരംഭങ്ങളാണ് പങ്കെടുത്തത്.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെബിപ്) സംരംഭക പങ്കാളിത്തം ഏകോപിപ്പിച്ചത്. എക്സ്പോയിലെ മികവുറ്റ സാന്നിദ്ധ്യം കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരളത്തിലെ സംരംഭങ്ങൾ പ്രശംസ പിടിച്ചുപറ്റി.







പ്രദർശന/വ്യാപാര മേളകളിലെ പങ്കാളിത്തം വിപണിയുടെ ആവശ്യം മനസ്സിലാക്കാനും ഉപഭോക്താക്കളുമായി നേരിട്ട് കൂടിക്കാഴ്ച നടത്താനും ബിസിനസ്സ് അവസരങ്ങൾ സൃഷ്ടിക്കാനും നവ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനും എക്സ്പോയിലെ സാന്നിദ്ധ്യം സംരംഭകർക്ക് അവസരമൊരുക്കി.

## മിഷൻ 1000;
# അപേക്ഷകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയുടെ അപേക്ഷകളിന്മേലുള്ള സൂക്ഷ്മ പരിശോധനകൾ ആരംഭിച്ചു. തിരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇകളെ 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്തുന്ന പദ്ധതിയാണ് മിഷൻ 1000. നിഷ്കർഷിച്ച അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇ. കളെ സുതാര്യമായ സംവിധാനത്തിലൂടെ സ്കെയിൽ അപ് സ്കീമിനായി തിരഞ്ഞെടുത്ത് വ്യവസായ വകുപ്പ് പൂർണ പിന്തുണ നൽകും.

3 വർഷമായി കേരളത്തിൽ ഉൽപാദന/സേവന രംഗത്ത് സംരംഭം നടത്തുന്ന, ഉദ്യം രജിസ്റ്ററിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത സംരംഭങ്ങൾക്കാണ് 100 കോടി രൂപ വിറ്റുവരവുള്ള സംരംഭമായി വളരാനുള്ള വ്യവസായ വകുപ്പിന്റെ സഹായം ലഭിക്കാൻ അർഹത. 2023 മാർച്ച് 31നുള്ളിൽ 3 വർഷം പൂർത്തിയാക്കിയ സംരംഭങ്ങളിൽ നിന്ന് മാനദണ്ഡങ്ങൾക്കനുസൃതമായി 1000 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ഇവർക്കാവശ്യമായ സഹായം ലഭ്യമാക്കുകയും ചെയ്യും. 2023 ജൂൺ 30 വരെയുള്ള അപേക്ഷകളിന്മേലുള്ള സൂക്ഷ്മ പരിശോധനകളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

# അഭിമാനം, വാനോളം

## ചന്ദ്രയാൻ 3 ദൗത്യത്തിൽ പങ്കാളികളായി കേരളത്തിലെ നാല് പൊതുമേഖലാ സ്ഥാപനങ്ങളും

രാജ്യത്തിന്റെ യശസ്സ് വാനോളം ഉയർത്തിയ ചന്ദ്രയാൻ 3ൽ പങ്കാളികളായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളും. ലോകത്തിന് മുന്നിൽ ഇന്ത്യ അഭിമാനത്തോടെ നിൽക്കുമ്പോൾ കേരളത്തിന്റെ പൊതുമേഖലയും രാജ്യത്തിന് മാതൃക തീർക്കുകയാണ്. കേരളത്തിൽ നിന്നുള്ള നാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് വിജയകരമായി വിക്ഷേപിച്ചിക്കുന്ന ചന്ദ്രയാൻ 3 ദൗത്യത്തിൽ പങ്കാളികളായിരിക്കുന്നത്. കെൽട്രോൺ, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ എം എം എൽ), സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് (എസ്.ഐ.എഫ്.എൽ.), ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടി.സി.സി) എന്നീ സ്ഥാപനങ്ങളിൽ നിന്ന് നിർമ്മിച്ച വിവിധ ഉൽപ്പന്നങ്ങളാണ് ചന്ദ്രയാൻ 3 ദൗത്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

41 ഇലക്ട്രോണിക്സ് മൊഡ്യൂൾ പാക്കേജുകൾ ഉൾപ്പെടെ കെൽട്രോണിൽ നിന്ന് നിർമ്മിച്ച് നൽകിയപ്പോൾ കെ എം എം എലിൽ നിന്നുള്ള ടൈറ്റാനിയം സ്പോഞ്ച് ഉപയോഗിച്ചുണ്ടാക്കിയ അലോയ്കളാണ് ബഹിരാകാശ പേടകത്തിലെ ക്രിറ്റിക്കൽ കമ്പോണന്റ്സ് ഉണ്ടാക്കാൻ ഉപയോഗിച്ചിരിക്കുന്നത്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ആന്റ് ഫോർജിങ്സ് ലിമിറ്റഡിൽ നിന്നുള്ള ടൈറ്റാനിയം, അലൂമിനിയം ഫോർജിങ്ങുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും നിർമ്മിച്ചു നൽകിയപ്പോൾ ടി.സി.സിയാണ് ആവശ്യമായ സോഡിയം ക്ലോറേറ്റ് ക്രിസ്റ്റലുകൾ വിതരണം ചെയ്തത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.